Athmaraksha.org

വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം-March

March 1



വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം: ഒന്നാം തീയതി
'യാക്കോബ്, മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു. അവളിൽ നിന്നു ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു' (മത്തായി 1:16)
വിശുദ്ധ യൗസേപ്പുപിതാവിനോടുള്ള ഭക്തിയുടെ ആവശ്യകത
രണ്ടാം വത്തിക്കാൻ സൂനഹദോസ് വിശുദ്ധരോടുള്ള ഭക്തിയെ നിരുത്സാഹപ്പെടുത്തിയതായി ചിലർക്കെല്ലാം ഒരു തോന്നലുണ്ട്. എന്നാൽ അത് ശരിയല്ല മറിച്ച് വിശുദ്ധരോടുള്ള ഭക്തി പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തോടും വി. യൗസേപ്പിനോടുമുള്ള ഭക്തിയിൽ സഭാംഗങ്ങൾ പുരോഗമിച്ചു കാണുവാൻ തിരുസ്സഭ ആഗ്രഹിക്കുന്നു. ഭാഗ്യസ്മരണാർഹനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാർപാപ്പ വി. യൗസേപ്പിനെ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സംരക്ഷകനായി പ്രഖ്യാപിച്ചു. കൂടാതെ രണ്ടാം വത്തിക്കാൻ സൂനഹദോസ് നടക്കുന്ന അവസരത്തിൽ ലത്തീൻ കുർബാനയിൽ പ. കന്യകയെ അനുസ്മരിച്ചതിനുശേഷം വി.യൗസേപ്പിനെയും അനുസ്മരിക്കണമെന്നു പ. പിതാവ് ഇരുപത്തിമൂന്നാം യോഹന്നാൻ മാർപാപ്പാ തന്നെ പ്രഖ്യാപിച്ചു.

വി. യൗസേപ്പിനോടുള്ള ഭക്തി ആധുനിക യുഗത്തിലും അനുപേക്ഷണീയമാണ്. അദ്ദേഹം പ. കന്യകാമറിയം കഴിഞ്ഞാൽ നമ്മുടെ സവിശേഷമായ ഭക്തിവണക്കങ്ങൾക്ക് അർഹനാണ്. വി. യൗസേപ്പ്, പിതാവായ ദൈവത്തിന്റെ സ്ഥാനക്കാരനും പുത്രനായ ദൈവത്തിന്റെ വളർത്തുപിതാവും പരിശുദ്ധാത്മാവിന്റെ മണവാട്ടിയായ പ. കന്യകയുടെ വിരക്തഭർത്താവുമായതിനാൽ മറ്റ് സകല വിശുദ്ധരേക്കാൾ നമ്മുടെ വണക്കത്തിന് അർഹനാണല്ലോ. അദ്ദേഹം തിരുസ്സഭയുടെ സാർവ്വത്രികമദ്ധ്യസ്ഥനാണ്. കുടുംബജീവിതക്കാരുടെയും സന്യാസിനീ സന്യാസികളുടെയും വൈദികരുടേയും ആദർശപുരുഷനുമത്രേ. ഒരു മാതൃകാ തൊഴിലാളിയുമാണ്. ഇന്നത്തെ സാഹചര്യത്തിൽ തൊഴിലാളികളുടെ ഏറ്റവും ആദർശയോഗ്യനായ മാതൃകയായി വി. യൗസേപ്പിനെ നമുക്ക് കാണിച്ചു കൊടുക്കുവാൻ സാധിക്കും.

വി. യൗസേപ്പ് പരിത്രാണപരിപാടിയിൽ വഹിച്ച സമുന്നതമായ സ്ഥാനം നാം പരിഗണിക്കുമ്പോഴും നമ്മുടെ ഭക്ത്യാദരങ്ങൾക്കർഹനാണ്. വി. യൗസപ്പിനോടുള്ള ഭക്തി ആദ്ധ്യാത്മികവും, ഭൗമികവുമായ അനേകം അനുഗ്രഹങ്ങൾ സിദ്ധിക്കുന്നതിന് പര്യാപ്തമത്രേ. പൗരാണിക കാലം മുതൽ കേരള കത്തോലിക്കരുടെ ഇടയിൽ മാർ യൗസേപ്പിനോടുള്ള ഭക്തി നിലനിന്നിരുന്നു. ജോസഫ് എന്ന് പേരുള്ള ഒരു വ്യക്തിയെങ്കിലും ഇല്ലാത്ത കുടുംബങ്ങൾ വിരളമാണല്ലോ. കേരള കർമ്മലീത്താസഭയുടെ സ്ഥാപനത്തോടെ ആ ഭക്തി പൂർവ്വാധികം ശക്തി പ്രാപിച്ചു.

## സംഭവം

ആസ്സാമിലെ ഗിരിവർഗ്ഗക്കാരുടെയിടയിൽ ഒരന്ധവിശ്വാസമുണ്ട്. വീടുകളും പാലങ്ങളും പണിയുമ്പോൾ കുട്ടികളെ കുരുതി കഴിച്ച് അവരുടെ രക്തം ഒഴിക്കുകയാണെങ്കിൽ പാലത്തിനും വീടിനും വളരെ ഉറപ്പുണ്ടാകും. ഇതാണവരുടെ വിശ്വാസം. വനത്തിൽ ഒരു പാലം പണിയണം. അതുറപ്പുള്ളതാക്കാൻ ഏതെങ്കിലും കുട്ടിയുടെ രക്തം വേണം. നിംബാലു എന്ന ഗോത്രത്തലവന്റെ നിർദ്ദേശം അനുചരന്മാർ നിറവേറ്റി. ഗ്രാമത്തിൽ കടന്ന്! ഏഴ് വയസ്സുള്ള ഒരു പൈതലിനെ പാട്ടിലാക്കി അവർ അവരുടെ നേതാവിന്റെ മുമ്പിൽ കൊണ്ടുവന്നു.

ഗ്രാമത്തിൽ ക്രൈസ്തവാന്തരീക്ഷത്തിൽ വളർന്ന ആ കുട്ടി കാടൻമാരുടെ വസതിയിൽ വന്നപ്പോൾ പേടിച്ചുവിറച്ചു പോയി. നിരപരാധിയായ ആ പിഞ്ചുകുഞ്ഞിന്റെ കഴുത്തറുത്തു രക്തം ചിന്തുവാൻ ആ കശ്മലൻമാർ കത്തിയുമായി നിന്നു. നിസ്സഹായനായ പൈതൽ വാവിട്ട് കരയുക മാത്രം ചെയ്തു. അത്ഭുതം എന്നു പറയട്ടെ ഗോത്രത്തലവൻ മരണനിമിഷങ്ങൾ എണ്ണിക്കഴിയുന്ന കുട്ടിയുടെ കഴുത്തിൽ സൂക്ഷിച്ചുനോക്കി തീപ്പന്തത്തിന്റെ അരുണപ്രഭയിൽ, വിശുദ്ധ യൗസേപ്പും ഉണ്ണിയീശോയും നിൽക്കുന്ന മെഡൽ മിന്നിത്തിളങ്ങുന്നു. കണ്ണുകളിൽ കാരുണ്യവും മുഖത്ത് മാധുര്യവും വഴിയുന്ന ഒരു താപസൻ ഓമനപ്പൈതലിനെ മാറോടുചേർത്ത് നിറുത്തിയിട്ടുള്ള ചിത്രം. ആരാണത് എന്നു ഗോത്രത്തലവന് മനസ്സിലായില്ല. എങ്കിലും അയാൾക്ക് മരണമടഞ്ഞ സ്വന്തം പിതാവിന്റെ രൂപമാണ് അതു കണ്ടപ്പോൾ മനസ്സിലുണ്ടായത്. കുട്ടിയെ വധിക്കുവാൻ അയാൾക്ക് മനസ്സുണ്ടായില്ല. അയാൾ പറഞ്ഞു: 'ഈ കുട്ടിയെ നമുക്ക് വധിക്കേണ്ട. നിങ്ങൾ ഇവന് യാതൊരു അപകടവും സംഭവിക്കാതെ പൂർവ്വസ്ഥലത്തേക്ക് കൊണ്ടുപോയി വിടുക.' ഗോത്രനേതാവിന്റെ ഈ വാക്കുകൾ മൂലം ബാലൻ രക്തച്ചൊരിച്ചിൽ കൂടാതെ രക്ഷപെട്ടു.

## ജപം

ഞങ്ങളുടെ പിതാവായ വി. യൗസേപ്പേ, അങ്ങിൽ ആശ്രയിക്കുന്നവരെ അങ്ങ് ഒരിക്കലും ഉപേക്ഷിക്കുകയില്ലല്ലോ. ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹങ്ങളാൽ അവരെ അങ്ങ്, സമ്പന്നരാക്കുന്നു. ഭക്തവത്സലനായ പിതാവേ, അങ്ങ് ദൈവത്തിൽനിന്നും പ്രാപിച്ചിരിക്കുന്ന മഹത്വം അന്യാദൃശ്യമാണ്. ഞങ്ങൾ പ്രത്യാശപൂർവ്വം ആദ്ധ്യാത്മികവും ശാരീരികവുമായ എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്നതിനായി അങ്ങേ സവിധത്തിലണയുന്നു. ഞങ്ങളെ സഹായിക്കണമേ. 1 സ്വർഗ്ഗ. 1 നന്മ. 1. ത്രി.

## വി. യൗസേപ്പുപിതാവിന്റെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ
(കർത്താവേ...)
മിശിഹായെ, അനുഗ്രഹിക്കണമേ.
(മിശിഹായെ...)
കർത്താവേ, അനുഗ്രഹിക്കണമേ.
(കർത്താവേ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,

(മിശിഹായെ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
(മിശിഹായെ...)
ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഏറ്റു ചൊല്ലുക
സ്വർഗ്ഗസ്ഥനായ പിതാവേ,
ലോകരക്ഷകനായ ക്രിസ്തുവേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പ. ത്രിത്വമേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന് ഏറ്റു ചൊല്ലുക
പരിശുദ്ധ മറിയമേ,
വിശുദ്ധ യൗസേപ്പേ,
ദാവീദിന്റെ വിശിഷ്ട സന്താനമേ,
ഗോത്രപിതാക്കളുടെ പ്രകാശമേ,
ദൈവജനനിയുടെ ഭർത്താവേ,
പരിശുദ്ധ കന്യകയുടെ നിർമ്മലനായ കാവൽക്കാരാ,
ദൈവകുമാരന്റെ വളർത്തുപിതാവേ,
മിശിഹായുടെ ജാഗ്രതയുള്ള സംരക്ഷകാ,
തിരുക്കുടുംബത്തിന്റെ നാഥനേ,
എത്രയും നീതിമാനായ വി. യൗസേപ്പേ,
മഹാ വിരക്തനായ വി.യൗസേപ്പേ,
മഹാ വിവേകിയായ വി. യൗസേപ്പേ,
മഹാ ധീരനായ വി. യൗസേപ്പേ,
അത്യന്തം അനുസരണയുള്ള വി. യൗസേപ്പേ,
മഹാ വിശ്വസ്തനായ വി. യൗസേപ്പേ,
ക്ഷമയുടെ ദർപ്പണമേ,
ദാരിദ്ര്യത്തിന്റെ സ്നേഹിതാ,
തൊഴിലാളികളുടെ മാതൃകയേ,
കുടുംബജീവിതത്തിന്റെ അലങ്കാരമേ,
കന്യകകളുടെ സംരക്ഷകാ,
കുടുംബങ്ങളുടെ ആധാരമേ,
നിർഭാഗ്യരുടെ ആശ്വാസമേ,
രോഗികളുടെ ആശ്രയമേ,
മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥാ,
പിശാചുക്കളുടെ പരിഭ്രമമേ,
തിരുസ്സഭയുടെ പാലകാ,
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
.
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
(നായകൻ) ദൈവം അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ അധികാരിയായി നിയമിച്ചു.
(സമൂഹം) തന്റെ സകല സമ്പത്തുകളുടെയും നായകനുമാക്കി.

പ്രാർത്ഥിക്കാം
അത്യന്തം നിർമ്മലമായ പരിശുദ്ധ കന്യകയ്ക്കു ഭർത്താവായി നീതിമാനും വിവേകിയും വിശുദ്ധനുമായ യൗസേപ്പിനെ തെരഞ്ഞെടുത്ത ദൈവമേ, ജീവിതത്തിന്റെ പ്രയാസങ്ങളിലും വേദനകളിലും മുഴുകിയിരിക്കുന്ന ഞങ്ങൾക്ക് ആശ്വാസവും ആശ്രയവും നൽകുന്ന പിതാവായി അദ്ദേഹത്തെ നിശ്ചയിച്ചതിൽ ഞങ്ങൾ നന്ദി പറയുന്നു. ഈ പിതാവിന്റെ മാദ്ധ്യസ്ഥം വഴി

എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്ക് നൽകണമെന്നപേക്ഷിക്കുന്നു. ആമ്മേൻ.

സുകൃതജപം

നീതിമാനായ വി. യൗസേപ്പേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

+++